പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 2236 | 23/03/2012 ൽ മറുപടിയ്ക്ക്

# അവശത അനുഭവിക്കുന്നവർക്കായി പുതിയ പദ്ധതി

ചോദ്യം | ഉത്തരം

ഡോ.എൻ. ജയരാജ്
ശ്രീ റോഷി അഗസ്റ്റിൻ
ശ്രീ.പി.സി. ജോർജ്ജ്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സമൂഹത്തിലെ അവശത അനുഭവിക്കുന്നവർക്കായി സാമൂഹ്യക്ഷേമ വകുപ്പ് പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) 3 വയസ്സുവരെ പ്രായമുള്ള ബധിരരായ കുട്ടികൾക്കുവേണ്ടിയുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, ലൈംഗീകാതിക്രമങ്ങളിൽ ഇരയാകുന്നവർക്ക് വൈദ്യസഹായവും നിയമസഹായവും നൽകുന്ന 'നിർഭയ' പദ്ധതി എന്നിവ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) നിലവിൽ രോഗികളായവർക്ക് എന്തെല്ലാം സഹായമാണ് നൽകി വരുന്നത്; വ്യക്തമാക്കുമോ? | (സി) 1) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 2000, 1000 രൂപ എന്നീ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി<br>2) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരും ആയവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400 രൂപ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി |

| | |
|---|---|
| | 3) മാരക രോഗബാധിതരായ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന താലോലം പദ്ധതി<br>4) ക്യാൻസർ രോഗബാധിതരായ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാൻസർ സുരക്ഷാ പദ്ധതി<br>5) വയോജനങ്ങൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ നടപ്പിലാക്കിവരുന്ന വയോമിത്രം പദ്ധതി, എന്നീ സഹായ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ